**കേരളസർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - കൊല്ലം നഗരസഭയിൽ ഡ്രെയിൻ ക്ലീനർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 02.03.2014 തീയതിയിൽ മരണപ്പെട്ട കെ.വേലുവിന്റെ മകൾ ശ്രീമതി.പിച്ചമ്മാൾ വി. - മുനിസിപ്പൽ കോമൺ സർവ്വീസിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.യു.)വകുപ്പ്**

**സ.ഉ(എം.എസ്)നം. 67/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 14/05/2018**

---

പരാമർശം:-1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ.
2. ശ്രീമതി. പിച്ചമ്മാൾ വി. സമർപ്പിച്ച 23.11.2015 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 12.01.2016 തീയതിയിലെ ഇ 4-29048/15 നമ്പർ കത്ത്.
4. കൊല്ലം ജില്ലാ കളക്ടറുടെ 09.02.2018 തീയതിയിലെ DCKLM/280/2018-S4 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊല്ലം നഗരസഭയിൽ ഡ്രെയിൻ ക്ലീനർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 02.03.2014 തീയതിയിൽ മരണപ്പെട്ട കെ.വേലുവിന്റെ മകൾ ശ്രീമതി.പിച്ചമ്മാൾ വി. പരാമർശം രണ്ട് പ്രകാരം അപേക്ഷ സമർപ്പിച്ചു. 02.03.2014 തീയതിയിൽ മരണമടഞ്ഞ കെ. വേലുവിന്റെ സേവനകാലം 33 വർഷം 03 മാസം 08 ദിവസമാണ്. പരേതന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 05.07.1955, 19.07.1980 ആണ്. പരാമർശം മൂന്ന് പ്രകാരം നഗരകാര്യ ഡയറക്ടറും നാല് പ്രകാരം കൊല്ലം ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

2. 23.03.1975 ൽ ജനിച്ച അപേക്ഷക 4-ാം ക്ലാസ് പാസ്സായിട്ടുണ്ട്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷക സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും കൊല്ലം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി.പിച്ചമ്മാൾ വി യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 60,000/- രൂപയാണെന്ന് (അറുപതിനായിരം രൂപ മാത്രം) കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ, കൊല്ലം നഗരസഭയിൽ ഡ്രെയിൻ ക്ലീനർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ 02.03.2014 തീയതിയിൽ മരണപ്പെട്ട കെ.വേലുവിന്റെ മകൾ ശ്രീമതി.പിച്ചമ്മാൾ വി. യ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊല്ലം നഗരസഭയിലോ, കൊല്ലം ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ സാനിട്ടേഷൻ വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നല്കുന്നതിന് നീക്കി വച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായി ടി നിയമനം നടത്തേണ്ടതാണ്.

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. അപേക്ഷക വസ്തുതകൾ മറച്ചു വച്ച് തെറ്റായ വിവരങ്ങൾ നല്കിയിരുന്നുവെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം നിയമനത്തിന് അനുമതി നല്കിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്: ശ്രീമതി. പിച്ചമ്മാൾ. വി, കുറുപ്പം വീട്ടിൽ കിഴക്കതിൽ, നവജ്യോതി നഗർ- 82, കടപ്പാക്കട പി.ഒ., കൊല്ലം-8. (രജിസ്റ്റേർഡ് പോസ്റ്റ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം നഗരസഭ (മേയർ മുഖേന)
ജില്ലാ കളക്ടർ , കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**